**സബ്മിഷൻ**

**മഞ്ചേരി ഫയർ സ്റ്റേഷൻ**

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുകയെന്നുള്ളത് ഏറെക്കാലമുള്ള ആവശ്യമാണ്. അതിനനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്നുള്ളതായിരുന്നു പ്രധാനപ്പെട്ട തടസ്സം. എന്നാൽ മഞ്ചേരിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നറുകര വില്ലേജിലെ വീങ്കൂർ ദേശത്ത് റീസർവ്വേ 136 ആർ.ബി.യിൽ ഉൾപ്പെട്ട 60 സെന്റ് സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഗെയിലിന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്കായി നീക്കിവയ്ക്കാനും പകരം മറ്റൊരു സ്ഥലം നൽകുമെന്നും അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ സ്ഥലം ലഭ്യമായിട്ടില്ല. ഗെയിലുമായി ബന്ധപ്പെട്ടുവെങ്കിലും ഇതുവരെ അവർ സ്ഥലമെടുക്കുന്നതിനായി മുന്നോട്ടു വന്നിട്ടില്ല. മാത്രമല്ല, ആ പൈപ്പ് ലൈനിന്റെ അലൈൻമെന്റിൽ തന്നെ ധാരാളം ആക്ഷേപമുണ്ട്. അപ്പോൾ അത് സാദ്ധ്യമല്ലെങ്കിൽ ആ സ്ഥലം ഫയർ സ്റ്റേഷന് നൽകുകയോ അല്ലെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലം അവരോടുതന്നെ വാങ്ങിത്തരുന്നതിന് അടിയന്തരമായി നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മെഡിക്കൽ കോളേജും അതുപോലെ മലബാറിലെ തന്നെ ഏറ്റവും വലിയൊരു സ്റ്റേഡിയവും ജുഡീഷ്യൽ ഹെഡ്ക്വാർട്ടേഴ്സുമുള്ള പ്രധാനപ്പെട്ടൊരു സ്ഥലമെന്നുള്ള നിലയ്ക്ക് ഫയർ സ്റ്റേഷനില്ലാതെ മുന്നോട്ടുപോകാൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. അതുകൊണ്ട് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട എം. ഉമ്മർ വളരെ താൽപര്യമെടുത്തതിന്റെ ഫലമായി അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുകയും 60 സെന്റ് സ്ഥലം വിട്ടുകൊടുക്കാനും തീരുമാനിച്ച അവസരത്തിലാണ് GAIL-ന്റെ സ്പെഷ്യലൈസിംഗ് വാൽവ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇതേ സ്ഥലംതന്നെ അനുയോജ്യമാണെന്ന സ്ഥിതി വന്നത്. പൈപ്പൊക്കെയിട്ടു വരുന്നതുകൊണ്ട് ലൊക്കേഷൻ മാറ്റാൻ കഴിയാത്ത സാഹചര്യത്തിലും ഈ 60 സെന്റ് സ്ഥലം അതിന് അനുയോജ്യമെന്ന് കണ്ടതിനെത്തുടർന്നും ഈ ഭൂമി ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. പകരം ഭൂമി കണ്ടെത്തുന്ന കാര്യത്തിൽ എങ്ങനെ അതിന് പരിഹാരമുണ്ടാക്കാമെന്നുള്ളത് ജില്ലാ കലക്ടറോടുകൂടി ആലോചിച്ചതിനുശേഷം ഉടനെ ഒരു തീരുമാനം എടുക്കുന്നതായിരിക്കും.

## സ്റ്റാർട്ട് അപ്പ് വില്ലേജ്

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, സംസ്ഥാന വികസന താൽപര്യങ്ങൾക്ക് എന്നും പ്രാമുഖ്യം നൽകുന്ന യു.ഡി.എഫ്. സർക്കാരിന്റെ ഒരു നൂതന വികസന സങ്കൽപ്പമാണ് സ്റ്റാർട്ട് അപ്പ് വില്ലേജ്. രാജ്യത്തെതന്നെ ആദ്യത്തെ സ്റ്റാർട്ട് അപ്പ് വില്ലേജ് 2013 ഏപ്രിൽ മാസം കൊച്ചിയിൽ തുടക്കം കുറിച്ചു. അടുത്ത പത്തുവർഷത്തിനിടയിൽ 1000 ടെക്നോളജി സ്റ്റാർട്ട് അപ്പ് തുടങ്ങുന്നതിന് പദ്ധതിയിട്ടിരുന്നെങ്കിലും ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ ത്തന്നെ 900 അപേക്ഷകൾ ലഭിക്കുകയും അതിൽ സ്ക്രൂട്ടിനി നടത്തി 324

കമ്പനികളെ അംഗീകരിക്കുകയും ചെയ്തു. 2013 ഒക്ടോബർ മാസത്തോടെ ഇത് 450 എണ്ണമായി വർദ്ധിച്ചു. യുവാക്കളിൽ ഈ സംരംഭത്തിനുള്ള താൽപര്യമാണ് ഇതിനുള്ള പ്രധാന കാരണം. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരള ജനതയുടെ വ്യവസായ നിക്ഷേപ മനോഭാവത്തിൽ കാതലായ മാറ്റം വരുത്തുകയും സംസ്ഥാനത്ത് ഒരു ടെക്നോളജി ഇന്നൊവേഷന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. രാജ്യം സാമ്പത്തിക വളർച്ച നേടണമെങ്കിൽ രാജ്യത്തെ 50 ശതമാനത്തോളം വരുന്ന യുവാക്കൾക്ക് ആവശ്യമായ തൊഴിൽ സാധ്യതകൾ നൽകേണ്ടതുണ്ട്. കൂടാതെ അവരിൽ വ്യവസായ സംരംഭകത്വം വളർത്തിയെടുക്കേണ്ടതുമുണ്ട്. സംസ്ഥാനത്തെ വികസന കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയിലൊന്നാണ് വയനാട്. കാർഷിക മേഖലയിലുള്ള പ്രതിസന്ധി വയനാട് ജില്ലയിലെ കർഷകരെ കൂടുതൽ ദുരിതത്തിലാക്കിയിട്ടുണ്ട്. ആയതിനാൽ ജില്ലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതും വരുമാനം വർദ്ധിപ്പിച്ച് സന്തുലിതമായ പ്രാദേശിക പുരോഗതി നിലനിർത്തേണ്ടതും ജില്ലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ജില്ലയിലെ യുവാക്കൾക്ക് ബിസിനസ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മക കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സഹായകരമായ വിധത്തിൽ ഒരു കാർഷികാധിഷ്ഠിത സ്റ്റാർട്ട് അപ്പ് വില്ലേജ് ആരംഭിക്കേണ്ടത് ജില്ലയുടെ വികസനത്തിന് അനിവാര്യമായ ഒന്നാണ്. ഇതിലൂടെ ഐ.ടി മേഖലകളിലും മറ്റ് അനുബന്ധ മേഖലകളിലും വളർച്ചയ്ക്ക് വഴിയൊരുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാർഷിക മേഖലയിൽ നൂതന ആശയങ്ങൾ രൂപീകരിച്ച് അതിനെ വ്യവസായവൽക്കരി

ക്കുന്നതോടൊപ്പം വയനാടിന്റെ ടൂറിസം വികസനങ്ങൾക്കും ഈ സംരംഭം വൻ സാധ്യത നൽകുന്നതായിരിക്കും. സ്റ്റാർട്ട് അപ്പ് വില്ലേജിന്റെ രണ്ടാംഘട്ട വികസനമായ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പദ്ധതികളും കോളേജ് സ്റ്റുഡന്റ്സിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയും ജില്ലയിലെ വിദ്യാർത്ഥികളുടെ ടെക്നോളജി സ്കിൽ ഉയർത്തുന്നതിന് സഹായകരമാകുന്നതാണ്. ആയതിനാൽ വയനാട്ടിൽ ഇത്തരത്തിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, സ്റ്റാർട്ട്അപ്പ് വില്ലേജുകൾ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിൽ ഏത് ജില്ലയിലാണെങ്കിലും സ്ഥലമുള്ളിടത്ത് കൊടുക്കാം. വയനാടിനെ സംബന്ധിച്ചിടത്തോളം കിൻഫ്രയുടെ സ്ഥലം ഉണ്ട്. അവിടെ ഏതെങ്കിലും തരത്തിൽ ഈ പറഞ്ഞതുപോലെ കാർഷിക പ്രാധാന്യമായ വ്യവസായങ്ങളെ അടിസ്ഥാനമാക്കി പുതിയ ആശയങ്ങൾ, വാല്യു അഡീഷനും മറ്റുമൊക്കെ, ഇപ്പോൾ ഹാന്റ്ലൂമിൽ റിസർച്ച് നടക്കുന്നുണ്ട് എന്നു പറഞ്ഞതുപോലെ യുവസംരംഭകർ മുന്നോട്ട് വരികയാണെങ്കിൽ തീർച്ചയായും സ്റ്റാർട്ട് അപ്പ് വില്ലേജ് പോലെയുള്ള സംവിധാനം ആരംഭിക്കാൻ കഴിയും. എവിടെ വേണമെങ്കിലും ഉണ്ടാക്കാൻ കഴിയും. വയനാട് കിൻഫ്രയുടെ സ്ഥലമൊക്കെയുള്ള സ്ഥിതിക്ക് അതു പോലെയുള്ള ഒരു സംവിധാനം തുടങ്ങുന്ന കാര്യത്തിൽ ഗവൺമെന്റിന് വളരെ അനുകൂലമായ സമീപനമാണുള്ളത്. അത് ആലോചിക്കാം.

ശ്രീ. സി. കൃഷ്ണൻ: സർ, ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ വിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. പുകയില നിരോധനത്തിന്റെയും മറ്റും ഫലമായി പ്രതിസന്ധിയിലായ വ്യവസായങ്ങളിലൊന്നാണ് കണ്ണൂർ ആസ്ഥാനമായുള്ള കേരള ദിനേശ് ബീഡി. സ്ഥിരമായി തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്വയം വിരമിക്കുന്നവർക്ക് 45 വയസ്സുമുതൽ 55 വയസ്സുവരെ പ്രതിമാസം 500 രൂപവീതം ധനസഹായം നൽകുന്ന പദ്ധതിയാണ് "ദിനേശ് ബീഡി ആശ്വാസ പദ്ധതി". ഈ ആവശ്യത്തിലേക്ക് 2010–11 വർഷത്തിൽ 5 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. 2012 ജനുവരി മാസം വരെ പെൻഷൻ നൽകിയിരുന്നു. 4901 തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം നൽകിയിരുന്നത്. തുടർന്നുള്ള മാസങ്ങളിലുള്ള പെൻഷൻ കുടിശ്ശികയാണ്. ഈ കാര്യം ഇതിനുമുമ്പും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതേത്തുടർന്ന് 2013 മാർച്ച് മാസം വരെയുള്ള കുടിശ്ശിക നൽകാനാവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ വ്യവസായ–വാണിജ്യ വകുപ്പ് ഡയറക്ടർക്ക് നൽകാനും പദ്ധതി തുടർന്ന് നടപ്പിലാക്കാനുള്ള നിർദ്ദേശം സമർപ്പിക്കാൻ തൊഴിലും പുനരധിവാസവും വകുപ്പിന് നിർദ്ദേശം നൽകിയതായും സർക്കാർ അറിയിക്കുകയുണ്ടായി. എന്നാൽ സർക്കാർ തീരുമാനമെടുത്ത് എട്ട് മാസം പിന്നിട്ടിട്ടും തൊഴിലാളികൾക്ക് കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. പദ്ധതി തുടർന്ന് നടപ്പിലാക്കാനുള്ള നിർദ്ദേശവും സമർപ്പിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ വ്യവസായ പ്രതിസന്ധിമൂലം ജോലിയിൽനിന്ന് വിരമിച്ച് പോകേണ്ടിവന്ന എല്ലാ തൊഴിലാളികൾക്കുമുള്ള പെൻഷൻ കുടിശ്ശിക

അടിയന്തരമായി വിതരണം ചെയ്യണമെന്നും ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി തുടർന്നും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണെമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ആശ്വാസ പെൻഷന്റെ ബാക്കി കുടിശ്ശിക ഈ സപ്ലിമെന്ററി ഡിമാന്റ്സ് പാസ്സായിക്കഴിഞ്ഞാൽ കൊടുക്കാൻ സാധിക്കും. അതിനു വേണ്ട ഫണ്ട് പ്രൊവൈഡ് ചെയ്യണമെന്ന് വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ക്യാബിനറ്റ് തീരുമാനമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. നിലവിലുള്ള കുടിശ്ശിക കൊടുക്കുക, പിന്നെ ലേബർ വകുപ്പ് അതിനെ സംബന്ധിച്ച് ഒരു സ്കീം കൊണ്ടു വരും. ഭാവി സ്കീമിനെ സംബന്ധിച്ച് ചർച്ച ചെയ്തുവരികയാണ്. ഈ സപ്ലിമെന്ററി ഡിമാന്റ് പാസ്സാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുക്കാൻ കഴിയും. ഭാവിയിലെ സ്കീമിനെ സംബന്ധിച്ച് ഇന്നലെ തൊഴിൽ വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. എന്തുവേണമെന്ന് അവസാന തീരുമാനം എടുക്കാം.

**അനധികൃത ചന്ത നിയന്ത്രിക്കൽ**

ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻ നായർ: സർ, കഴിഞ്ഞ ആറു മാസമായി വാമനപുരത്ത് സംസ്ഥാനപാതയിൽ അനധികൃതമായി ഒരു അന്തിച്ചന്ത നടത്തിവരികയാണ്. റോഡ് കയ്യേറിയുള്ള അന്തിച്ചന്തയുടെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് കെ.എസ്.ഡി.പി.-യും ഇവിടത്തെ മാലിന്യം വാമനപുരം നദിയിലേക്ക് ഒഴുക്കിവിടുന്നതുമൂലം ഗുരുതരമായ

ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ആരോഗ്യ വകുപ്പ് അധികൃതരും കലക്ടർക്ക് റിപ്പോർട്ട് കൊടുത്തിരുന്നു. സംസ്ഥാനപാതയിൽ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന ഈ അന്തിച്ചന്തയുടെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് നാട്ടുകാർ ഏകകണ്ഠമായി ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ഡി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാതി അന്വേഷിക്കുവാൻ കലക്ടർ ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തി. ആർ.ഡി.ഒ. നേരിട്ടെത്തി പരിശോധിക്കുകയും പരാതിയിൽ പറഞ്ഞ വസ്തുതകൾ ശരിയാണെന്ന് റിപ്പോർട്ട് നൽകുകയും ചന്തയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ 208/2013 നമ്പർ ഉത്തരവിടുകയും ചെയ്തു. എന്നാൽ ജനുവരി 1-ന് ഇറക്കിയ ഈ ഉത്തരവ് ഇന്നുവരെയും നടപ്പിലാക്കിയിട്ടില്ല. പ്രദേശവാസികൾ അറിയിച്ചതനുസരിച്ച് 19-01-2014, ഞായറാഴ്ച വൈകുന്നേരം 6.30-ഓടെ അനധികൃതമായ ചന്തയെക്കുറിച്ച് റിപ്പോർട്ട് ചെയ്യാൻ സ്ഥലത്തെത്തിയ മാധ്യമപ്രവർത്തകരെ അതിഭീകരമായി മർദ്ദിക്കുകയും കൈ അടിച്ചൊടിക്കുകയും ക്യാമറ തട്ടിപ്പറിക്കുകയും ചെയ്തു. എസ്. ഗിരീഷ് - ദേശാഭിമാനി, കൺമണി വിഷ്ണു - കേരള കൗമുദി, അനീഷ് അയിലം - ജൻമഭൂമി, അഷ്റഫ് - തേജസ് എന്നിവരെയാണ് ഭീകരമായി മർദ്ദിച്ചത്. പോലീസ് സ്ഥലത്തു വന്ന് ഇതെല്ലാം നേരിട്ടുകണ്ട് മനസ്സിലാക്കിയെങ്കിലും ഇതുവരെയും യാതൊരു നടപടികളും ഉണ്ടായിട്ടില്ല. പോലീസ് റവന്യു ഡിപ്പാർട്ടുമെന്റ് ചെയ്യട്ടെയെന്നും റവന്യൂ ഡിപ്പാർട്ടുമെന്റ് പോലീസ് ചെയ്യട്ടെയെന്നുമാണ് പറയുന്നത്. ആരും ഇതുവരെ ഒന്നും ചെയ്യുന്നില്ല. ഇതു ചെയ്തത് ലത്തീഫ്, മുഹമ്മദ് ഷാഫി എന്നീ ഗുണ്ടകളും കണ്ടാലറിയുന്ന എട്ടുപത്താളുകളും ചേർന്നാണ്. ചന്തയിൽനിന്ന് ദിവസവും ആയിരം രൂപ ഫീസ് പിരിക്കുന്ന ചൊറിയൻ രവി

എന്നുവിളിക്കുന്ന രവീന്ദ്രൻ നായരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതുസംബന്ധിച്ച ഉത്തരവുണ്ട്. പ്രസ്തുത സ്ഥലത്ത് അനധികൃതമായി നടത്തുന്ന ചന്ത നിരോധിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ചന്ത ഒഴിപ്പിച്ച് ഏഴുദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസീൽദാർ ആന്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റായ നെടുമങ്ങാട് തഹസീൽദാരെ ചുമതല പ്പെടുത്തുന്നു. ചന്ത നടത്തിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വെഞ്ഞാറമൂട് ചെയ്തുകൊടുക്കേണ്ടതാണ്. ഇങ്ങനെ വ്യക്തമായിട്ടുള്ള ആർ.ഡി.ഒ.-യുടെ ഓർഡർ നിലവിലിരിക്കെ അടി യന്തരമായി ഇത് നിറുത്തിവയ്ക്കാൻ പോലീസിന്റെ സഹായത്തോടുകൂടി റവന്യൂ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുക യാണ്. അല്ലെങ്കിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും, അതിനകത്ത് നാട്ടു കാർ ഇടപെടും. അതാണ് പ്രശ്നം. നാട്ടുകാർ ഇടപെട്ടാൽ ചന്തയിൽ അടിപി ടിയായി വേണ്ട ബഹളമുണ്ടാകും. ഇതുവരെ ഞാനോ നാട്ടുകാരോ ഇടപെട്ടി ട്ടില്ല. അതുകൊണ്ട് അടിയന്തരമായി ആഭ്യന്തര വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ചുകൊണ്ട് ഇത് നിർത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നെടുമങ്ങാട് തഹസീൽദാർ അനങ്ങുന്നി ല്ല. പോലീസിന്റെ സഹായത്താൽ ഒഴിപ്പിക്കേണ്ടത് റവന്യൂ വകുപ്പാണ്. റവന്യൂ വകുപ്പുമന്ത്രി പോലീസ് പ്രൊട്ടക്ഷന് അപേക്ഷിക്കണം. ഗുണ്ടകളാണ്, അല്ലെ ങ്കിൽ സമ്മതിക്കില്ല. അല്ലെങ്കിൽ ഇങ്ങോട്ട് പറഞ്ഞാൽ മതി. ഞങ്ങൾ തന്നെ ഏർപ്പാട് ചെയ്തുതരാം. അതിനു കുഴപ്പമൊന്നുമില്ല. ചെയ്യാൻ സാധിക്കും. ഇതൊരു വലിയ പ്രശ്നമാണ്. അവരെ ഒഴിപ്പിക്കണമെന്ന് ഞാനഭ്യർത്ഥിക്കുക യാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തിരുവനന്തപുരം–കൊട്ടാരക്കര എം.സി. റോഡിൽ, വാമനപുരം പാലത്തിന് സമീപം കെ.എസ്.റ്റി.പി. പഴയ റോഡിൽ പുറമ്പോക്കിൽ കഴിഞ്ഞ നാല് മാസമായി അനധികൃത ചന്ത നടത്തിവരുന്നു. ഉദ്ദേശം 100 മീറ്റർ മാറി പഞ്ചായത്ത് മാർക്കറ്റ് നിലവിലുണ്ടെങ്കിലും അത് ഉപയോഗിക്കാതെ പകൽ 3 മണിക്ക് ആരംഭിക്കുന്ന അനധികൃത ചന്ത അനേകം വൈദ്യുത ലൈറ്റുകൾ ഘടിപ്പിച്ച് രാത്രി 12 മണിവരെ തുടരുന്നുണ്ട്. മത്സ്യം, പച്ചക്കറി എന്നിവ വാങ്ങാനെത്തുന്നവരുടെ വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്തിരിക്കുന്നതുമൂലം ഗതാഗത തടസ്സവും അപകടങ്ങളും ഉണ്ടാകുന്നുവെന്നും മത്സ്യം, പച്ചക്കറി തുടങ്ങിയവ കച്ചവടം ചെയ്യുന്നതിനാൽ മാലിന്യം മൂലമുള്ള പാരിസ്ഥിതിക–ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ചന്ത ഒഴിപ്പിക്കുന്നതിന് ആരംഭിച്ച നടപടിയുടെ ഭാഗമായി തിരുവനന്തപുരം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് 01–01–2014–ന് എം.സി.1–208/13 നമ്പരായി നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവിൽ 7 ദിവസത്തിനകം ചന്ത ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നെടുമങ്ങാട് തഹസീൽദാരെ ചുമതലപ്പെടുത്തുകയും അതിലേക്കാവശ്യമായ പോലീസ് സഹായം നൽകുന്നതിന് വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ തഹസീൽദാർ ചന്ത ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ അത് തുടർന്നുവരികയാണ്. 19–01–2014 വൈകിട്ട് 6.30–ന് വെഞ്ഞാറമൂട് കേരള കൗമുദി ലേഖകൻ കൺമണി വിഷ്ണു, ദേശാഭിമാനി ലേഖകൻ ഗിരീഷ്, ജന്മഭൂമി ലേഖകൻ അനീഷ് അയിലം, തേജസ് ലേഖകൻ അഷ്റഫ് എന്നിവർ സ്ഥലത്തെത്തുകയും ദേശാഭിമാനി

ലേഖകൻ ഗിരീഷ് ചന്തയുടെ ഫോട്ടോ എടുത്തപ്പോൾ മത്സ്യക്കച്ചവടം നടത്തിവന്നിരുന്ന ലത്തീഫും മുഹമ്മദ് ഷാഹുലും ചേർന്ന് അസഭ്യം പറഞ്ഞ് ഗിരീഷിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ടിയാന്റെ 4,800 രൂപ വില വരുന്ന ക്യാമറ തള്ളിയിട്ട് നശിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംഭവശേഷം ഗിരീഷ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയിട്ട് ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയനായതിനാൽ വെഞ്ഞാറമൂട് പോലീസ് കേസെടുക്കുകയും മേൽപ്പറഞ്ഞ ലത്തീഫ്, മുഹമ്മദ് ഷാഹുൽ എന്നിവരെ പ്രതികളാക്കി ഐ.പി.സി. 341, 294(ബി), 323, 427, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 86/2014 ആയി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പ്രതികളുടെ വിലാസം കണ്ടെത്തി അവരെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ കോലിയക്കോട് എൻ. കൃഷ്ണൻ നായർ സൂചിപ്പിച്ച ഇക്കാര്യം റവന്യൂ വകുപ്പുമന്ത്രിയുമായി സംസാരിക്കാം. പോലീസ് പൂർണ്ണമായി പ്രൊട്ടക്ഷൻ കൊടുക്കാൻ തയ്യാറാണ്. തഹസീൽദാരുടെ നേതൃത്വത്തിലാണ് ഒഴിപ്പിക്കേണ്ടതായിട്ടുള്ളത്.

<u>സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കാത്തതുമൂലമുണ്ടായ ബുദ്ധിമുട്ട്</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, അദ്ധ്യാപക പാക്കേജ് പ്രഖ്യാപിക്കുകയും ദേശീയ വിദ്യാഭ്യാസ നയം നടപ്പിൽ വരുത്താൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തപ്പോൾ സംസ്ഥാനത്തെ അദ്ധ്യാപക സമൂഹം വളരെ പ്രതീക്ഷയിലായിരുന്നു. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യക്തമായി തീരുമാനിക്കാത്തതുമൂലവും സ്റ്റാഫ് ഫിക്സേഷൻ നടത്താത്തതുമൂലവും പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെയെറെ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. പല സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകരില്ല, നിയമാനുസരണമുള്ള തസ്തികകൾ സൃഷ്ടിക്കപ്പെടുന്നില്ല. രണ്ട് വർഷങ്ങളായി ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളംപോലും ലഭിക്കുന്നില്ല. പ്ലസ് ടു മേഖലയിലെയും സ്ഥിതി അതാണ്. പുതിയ സ്കൂളുകളും പുതിയ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. അവിടെ വേണ്ട അദ്ധ്യാപകരെ നിർണ്ണയിച്ചിട്ടില്ല. കുറെ അദ്ധ്യാപകർക്ക് അനുവാദം കൊടുത്തു. പക്ഷേ പലയിടത്തും വിട്ടുപോയിട്ടുണ്ട്. തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം ഗസ്റ്റ് ലക്ച്ചറന്മാർക്കുപോലും ശമ്പളം ലഭിക്കാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനുമുമ്പ് തന്നെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തീകരിച്ച് അദ്ധ്യാപകരുടെ ശമ്പളം കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കാത്തതുമൂലമുണ്ടായ ബുദ്ധിമുട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 29-11-2013-ലെ സ.ഉ.(പി)നം.313/13/പൊ.വി.വ. ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. 2005 മുതൽ നിലനിന്നിരുന്ന നിയമന നിരോധനംമൂലവും മറ്റ് നിബന്ധനകൾമൂലവും അംഗീകാരമോ ശമ്പളമോ

ലഭിക്കാതെ ജോലി ചെയ്തുവന്ന അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിച്ച് അംഗീകാരം നൽകുവാനും തസ്തികയില്ലാതെ പുറത്തുപോകേണ്ടിവന്ന അദ്ധ്യാപകരുടെ ശാസ്ത്രീയമായ പുനർവിന്യാസത്തിനും വേണ്ടിയാണ് സർക്കാർ 01-10-2011-ലെ സ.ഉ.(പി)നം.199/11/പൊ.വി.വ. പ്രകാരം അദ്ധ്യാപക പാക്കേജ് പുറപ്പെടുവിച്ചത്. പ്രസ്തുത പാക്കേജിന് രൂപം നൽകുന്നതിന് ആധാരമായത് 2010-2011 വർഷത്തെ തസ്തിക നിർണ്ണയ കണക്കുകളാണ്. ഇപ്രകാരം പാക്കേജിലുൾപ്പെട്ട അദ്ധ്യാപകരുടെ പുനർവിന്യാസവും ശാസ്ത്രീയമായ നടപ്പിലാക്കലും കാര്യക്ഷമമായി സാധ്യമാക്കുവാൻവേണ്ടി യു.ഐ.ഡി. നമ്പർ അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ കണക്കെടുപ്പ് പൂർത്തിയാകുന്നതുവരെ 2010-2011 വർഷത്തെ തസ്തിക നിർണ്ണയ കണക്കുകൾതന്നെ നിലനിർത്തേണ്ടത് അത്യാവശ്യമായിരുന്നു. കുട്ടികളുടെ കണക്കെടുപ്പിൽ വ്യാജക്കണക്കുകൾ ഉൾപ്പെടാതെ നോക്കുവാനും കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും യു.ഐ.ഡി. കണക്കുകൾ ആവശ്യമായിരുന്നു. ഇതിനായി സമയബന്ധിതമായിത്തന്നെ യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്കെടുപ്പ് സംസ്ഥാനമൊട്ടാകെ നടത്തിയെങ്കിലും സാങ്കേതികമായ തടസ്സങ്ങളും ഭരണപരമായ ബുദ്ധിമുട്ടുകളുംമൂലം യു.ഐ.ഡി. കണക്കെടുപ്പ് പൂർത്തിയാക്കുവാൻ രണ്ട് വർഷസമയം വേണ്ടിവന്നു. എന്നിരുന്നാലും സർക്കാരിന്റെ സമയബന്ധിതമായ നിർദ്ദേശങ്ങളും ഇടപെടലുംമൂലം 2013 വർഷം യു.ഐ.ഡി. കണക്കുകൾ ഫലപ്രദമായി പൂർത്തീകരിക്കുകയും തുടർന്ന് തസ്തിക നിർണ്ണയം സംബന്ധിച്ച് സർക്കാർ 29-11-2013-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തസ്തിക നിർണ്ണയം സംബന്ധിച്ച

ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ കെ.ഇ.ആർ. ചട്ടങ്ങളും അതോടൊപ്പം 2010–ൽ നിലവിൽവന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമവും പാലിക്കുവാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിനാൽ കെ.ഇ.ആർ. ചട്ടങ്ങളിലും കേന്ദ്ര നിയമത്തിന്റെ ഷെഡ്യൂളിനും അനുസൃതമായ ഒരു വിദ്യാർത്ഥി – അദ്ധ്യാപക അനുപാതം കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. കേന്ദ്ര–സംസ്ഥാന നിയമങ്ങൾക്കും സംസ്ഥാന ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവർ നടത്തിയ ചർച്ചകൾക്കും വിധേയമായാണ് മന്ത്രിസഭ ഇക്കാര്യത്തിൽ തീരുമാനമെടുത്തി ട്ടുള്ളത്. പുതിയ തസ്തിക നിർണ്ണയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ കാലതാമസം വന്നതുവഴി 2010–11 വർഷം സ്കൂളുകളിൽ നിലനിന്ന അദ്ധ്യാപകർക്കൊന്നുംതന്നെ യാതൊരുവിധമായ ബുദ്ധിമുട്ടുകളോ പുറത്താക്കലോ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. 2010–11 വർഷം നില നിന്ന എല്ലാ അദ്ധ്യാപകർക്കും മതിയായ സംരക്ഷണവും ശമ്പളവും സർക്കാർ നാളിതുവരെ ഉറപ്പാക്കിയിട്ടുണ്ട്. പുതിയ തസ്തിക നിർണ്ണയത്തി നുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 11–12–2013–ന് മുമ്പായി തസ്തിക നിർണ്ണയം നടത്താൻ നിർദ്ദേശിച്ചാണ് സർക്കാർ ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചതെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വന്ന ഡബ്ല്യു.പി.സി. നമ്പർ 30107/13 എന്ന കേസിന്റെ ഇടക്കാലവിധി അനുസരിച്ച് തസ്തികനിർണ്ണയം നടത്തുന്നതിന് കോടതി ഒരു താത്ക്കാലിക വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നതുമൂലമാണ് പുതിയ തസ്തികനിർണ്ണയം നടക്കാതെ പോകുന്നത്. സർക്കാർ ഉത്തരവനുസരിച്ച് തസ്തികനിർണ്ണയം നടത്തുമ്പോൾ അധികം വരുന്ന എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരേയും സ്കൂളുകളിൽ നിലനിർത്താനായി നോഷണലായി 1:30, 1:35 അനുപാതം

ഉപയോഗിക്കുവാൻ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം നോഷണലായി അനുപാതം കുറച്ച് നിലവിലുള്ളവരെ നിലനിർത്തുന്നതിനുള്ള ആനുകൂല്യം സർക്കാർ സ്കൂളുകളിൽകൂടി കൊണ്ടുവരുന്ന കാര്യവും സർക്കാർ സജീവമായി പരിശോധിച്ചുവരുന്നുണ്ട്. വിവിധ എയ്ഡഡ് മാനേജ്മെന്റുകൾക്ക് കീഴിൽവരുന്ന അദ്ധ്യാപകരുടെ പുനർ വിന്യാസം സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾതല അനുപാതമായ യു.പി. യിൽ 1:35 എൽ.പി. യിൽ 1:30 എന്ന അനുപാതം തന്നെയാണ് ബാധകമാക്കുന്നത്. ഈ അദ്ധ്യയന വർഷംതന്നെ തസ്തിക നിർണ്ണയ നടപടികൾ നടപ്പാക്കുവാനുദ്ദേശിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും കോടതിയുടെ സ്റ്റേ മൂലം ഇത് തടസ്സപ്പെട്ടിരിക്കുന്നു. ഇതിനെതിരെ കോടതി മുമ്പാകെ സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ട്. തസ്തിക നിർണ്ണയ നടപടികൾ നടത്തിയാൽ മാത്രമേ ഇക്കാര്യത്തിൽ പാളിച്ചകളുണ്ടെങ്കിൽ അവ ശ്രദ്ധയിൽപ്പെടാനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സാധിക്കുകയുള്ളൂ.

<u>വാദ്യകലാകാരനെ പുറത്താക്കിയത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അത്യന്തം നീചമായ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെ ഒരു പട്ടികജാതിക്കാരനായ വാദ്യകലാകാരനെ ഇക്കഴിഞ്ഞ ജനുവരി 5-ന് ക്ഷേത്രത്തിൽ നിന്നും കലാപ്രവർത്തനം നടത്തുന്നതിൽനിന്നും തടയുകയുണ്ടായി. കലൂർ ബാബു എന്ന ഇലത്താള കലാകാരനെയാണ് ദേവസ്വം അധികാരികൾ

ജാതിഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കിയത്. അങ്ങേയറ്റം നീചവും അപലപനീയവുമാണ് ഇക്കാര്യം. ജാതിമത വിവേചനങ്ങൾക്കെതിരെയുള്ള പ്രക്ഷോഭത്തിൽ നമ്മുടെ രാജ്യത്തിനാകെ മാതൃകയായ സംസ്ഥാനമാണ് കേരളം. അങ്ങനെ മാതൃക കാട്ടിക്കൊടുത്ത നമ്മുടെ ഈ നാട്ടിലാണ് ഇന്ന് ജാതിയുടെ പേരിൽ ഭ്രഷ്ട് കൽപ്പിച്ച് ഒരു പ്രശസ്തനായ കലാകാരനെ മാറ്റി നിർത്താനായി ഗുരുവായൂർ ദേവസ്വം ബോർഡ് തയ്യാറായിരിക്കുന്നത്. അത്യന്തം അപലപനീയമായിട്ടുള്ള ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റോ ബന്ധപ്പെട്ട ആളുകളോ ഇതുവരെ ഒരു പ്രതികരണവും നടത്തിയില്ല എന്നുള്ളത് ഖേദകരമായിട്ടുള്ള കാര്യമാണ്. ഇതിനെതിരായി വലിയ പ്രക്ഷോഭം നമ്മുടെ നാട്ടിൽ വളർന്നുവരികയാണ്. പുരോഗമന പ്രസ്ഥാനങ്ങളും ഡി.വൈ.എഫ്.ഐ., എ.ഐ.വൈ.എഫ്., പി.കെ.എസ്. തുടങ്ങിയ സംഘടനകളും ഈ കലാകാരനെ ജാതിഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കിയതിനെതിരായി വലിയ പ്രക്ഷോഭത്തിലേക്ക് മുന്നോട്ട് വരികയാണ്. ഗുരുവായൂർ സത്യാഗ്രഹം നമ്മളെയൊക്കെ ആവേശംകൊള്ളിച്ച സമരാനുഭവമാണ്. മഹാനായ കൃഷ്ണ പിള്ളയും എ.കെ.ജി.-യും കേളപ്പജിയുമെല്ലാം അധ:സ്ഥിതന് ക്ഷേത്രത്തിൽ പ്രവേശിക്കാൻവേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുത്ത കേന്ദ്രമാണ് ഗുരുവായൂർ. ഗുരുവായൂർ സ്വാതന്ത്ര്യ സമരത്തിന്റെ കേന്ദ്രമായി മാറിയിട്ടുണ്ട്. ആ ഗുരുവായൂരിലാണ് ജാതിയുടെ പേരിൽ ഒരു കലാകാരനെ ഭ്രഷ്ട് കൽപ്പിച്ച് മാറ്റിനിർത്തിയിരിക്കുന്നത്. കേരളം ഒന്നടങ്കം പ്രതിഷേധിക്കേണ്ട ഒരു സംഭവമാണ് ഇത്. നമ്മുടെ ഈ സഭയിൽ ഇതിനെതിരായുള്ള പ്രതിഷേധം രേഖപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇതുവരെ ഒരു പ്രതിഷേധം അറിയിക്കുകയുണ്ടായിട്ടില്ലെന്നു

ള്ളതും ഖേദകരമാണ്. തീർച്ചയായും ഇത്തരം സംഭവങ്ങൾ ഇനി കേരള ത്തിന്റെ മണ്ണിൽ ഒരിടത്തും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താനുള്ള ബാദ്ധ്യത നമ്മുടെ സമൂഹത്തിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റ് ഇതുസംബന്ധിച്ച് ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാക ണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗുരുവായൂർ ക്ഷേത്രത്തിൽ പട്ടികജാതി സമുദായത്തിൽപ്പെട്ട വാദ്യകലാകാരനായ ശ്രീ. ബാബുവിനെ ദേവസ്വം ബോർഡ് അധികൃതർ പുറത്താക്കി എന്ന രീതിയിൽ ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടയുടനെ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ ഗുരുവായൂർ ദേവസ്വം അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. ദേവസ്വം മാനേജിംഗ് കമ്മി റ്റിയോ ദേവസ്വം ഉദ്യോഗസ്ഥരോ ഇപ്രകാരം ഒരു പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടി ല്ലെന്ന് ദേവസ്വം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്ര കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഭഗവതി ക്ഷേത്രത്തിൽ നാട്ടുകാർ നടത്തുന്ന പിള്ളേർ താലപ്പൊലി എന്നറിയപ്പെടുന്ന ആഘോഷത്തിനുവേണ്ടി താലപ്പൊലി സംഘാടകർ ഏർപ്പെടുത്തിയ മേളത്തിലാണ് ഇലത്താളം കലാകാരൻ ശ്രീ. ബാബു പങ്കെടുത്തതെന്ന് അറിയുന്നു. ഈ ആഘോഷത്തിന് ഗുരുവായൂർ ദേവസ്വവുമായി യാതൊരു ബന്ധവുമില്ല. എന്നിരുന്നാലും ആരോപിക്കപ്പെ ടുന്ന കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഒരു റിട്ടയേർഡ് ജഡ്ജിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് ദേവസ്വം ഭര ണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലും അതിന്റെ നിയന്ത്രണത്തിലുള്ള പതിനൊന്ന്

കീഴേടം ക്ഷേത്രങ്ങളിലും അയിത്താചരണങ്ങൾ നിലനിൽക്കുന്നില്ലെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. ദേവസ്വം ഭരണസമിതി സൂചിപ്പിച്ചിട്ടു ള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ ആവശ്യമെങ്കിൽ അത് കൈക്കൊള്ളുന്നതാണ്.

## പെരിമ്പിലാവ് പി.എച്ച്.സി.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, മരുന്നുകൾ കിട്ടാതിരിക്കുകയും മരുന്നിന്റെ വില വർദ്ധിച്ച് ജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വളരെ പ്രതിഷേധാത്മകമായ ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ പെരിമ്പിലാവ് പി.എച്ച്.സി.-യിൽ രോഗികൾക്ക് നൽകേണ്ട മരുന്ന് ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിക്കുന്ന ലാഘവത്തോടെ കത്തിച്ച് നശിപ്പിച്ചുകളഞ്ഞ അത്യന്തം ഗുരുതരമായ സംഭവം കഴിഞ്ഞയാഴ്ച ഉണ്ടായിരിക്കുകയാണ്. കടവല്ലൂർ ഗ്രാമപഞ്ചായത്തിലെയും തൊട്ടുകിടക്കുന്ന കടങ്ങോട് ഗ്രാമപഞ്ചായത്തിലേയും നല്ലൊരു വിഭാഗം രോഗികൾക്കും പ്രാഥമിക ചികിൽസ ലഭിക്കുന്ന ഒരേയൊരു ആശുപത്രിയാണിത്. അതുകൊണ്ടുതന്നെ ഒരുപാട് രോഗികൾ ഒ.പി. വിഭാഗത്തിലും എത്തുന്നുണ്ട്. എന്നാൽ ഒരു വർഷത്തിലധികമായി ഇവിടെ സ്ഥിരം ഡോക്ടറില്ല. പഴഞ്ഞി കോട്ടോർ സി.എച്ച്.സി.-യിൽ നിന്ന് ഡെപ്യൂട്ട് ചെയ്ത ഡോക്ടറാണ് ആഴ്ചയിൽ എല്ലാ ദിവസവുമില്ലെങ്കിലും പരിമിതമായ തോതിലെങ്കിലും രോഗികളെ നോക്കുന്നത്. സ്ഥിരം ഡോക്ടർ ഇല്ലാത്ത വിവരം നിരവധി തവണ ഞാൻ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു

വന്നതുമാണ്. സംസ്ഥാനത്ത് ഇപ്പോൾ മരുന്നുകളുടെ വില രോഗികൾക്ക് താങ്ങാവുന്നതിലും എത്രയോ അധികമാണുള്ളത്. അങ്ങനെയൊരു അവസ്ഥയുള്ളപ്പോഴാണ് മരുന്നുകൾ രോഗികൾക്ക് നൽകാതെ കത്തിച്ചു കളഞ്ഞും ഡോക്ടർ ഇല്ലാതെ ചികിൽസ നിഷേധിച്ചും രോഗികളെ ബുദ്ധിമുട്ടിലാക്കുന്നത്. ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയാത്ത അതീവ ഗുരുതരമായ കൃത്യവിലോപമാണിത്. എന്നാൽ രാഷ്ട്രീയ സ്വാധീനത്തിനുവിധേയമായി ഇതിലുൾപ്പെട്ട പലരെയും രക്ഷിക്കുന്ന നിലപാടാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചുകാണുന്നത് എന്ന വിമർശനവു മുണ്ട്. ഒരു തരത്തിലും ഇത് ന്യായീകരിക്കാനാവില്ല. സമൂഹത്തിലെ അവശവിഭാഗത്തിന് വീടുകൾ കയറി വിതരണം ചെയ്യാനുള്ള മരുന്നുകളാണ് ഇവിടെ കത്തിച്ചിട്ടുള്ളത്. അതുപോലെ തന്നെ ഫാർമസിയിൽ നിന്ന് ഒ.പി. വിഭാഗത്തിന് കൊടുക്കാനുള്ള മരുന്നുകളും ഇവിടെ കത്തിച്ചുകളഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ സമഗ്രമായ ഒരു ഉന്നതതല അന്വേഷണം നടത്തി ഈ സംഭവത്തിലുൾപ്പെട്ട മുഴുവൻ പേർക്കെതിരെയും കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും അതോടൊപ്പം പെരിമ്പിലാവ് പി.എച്ച്.സി. -യിൽ സ്ഥിരം ഡോക്ടറെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്ക ണമെന്നും അഭ്യർത്ഥിക്കുന്നു. ഇത് അവിടത്തെ മാത്രം വിഷയമാണെന്ന് എനിക്ക് തോന്നുന്നില്ല. 2014-ലും 2015-ലും എക്സ്പയറി ഡേറ്റ് കഴിയുന്ന മരുന്നുകൾ കത്തിക്കുന്നതിന്റെ ഫോട്ടോസഹിതം എന്റെ കയ്യിലുണ്ട്. ഒന്നും രണ്ടും ഫോട്ടോകളല്ല, ഒരു കൂമ്പാരം ഫോട്ടോകളാണുള്ളത്. കർശനമായ നടപടികൾ ഇതിനെതിരെ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പെരിമ്പിലാവ് പി.എച്ച്.സി.–യിൽ 16-01-2014–ൽ മരുന്നുകൾ കൂട്ടിയിട്ട് കത്തിച്ചുവെന്ന പരാതിയെത്തുടർന്ന് തൃശൂർ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 17-01-2014, 18-01-2014 എന്നീ തീയതികളിൽ നടത്തിയ വിശദമായ അന്വേഷണത്തിൽ പൾസ് പോളിയോ പരിപാടിയുടെ ഭാഗമായി 16-01-2014–ന് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ അവരുടെ മുറി വൃത്തിയാക്കുകയും അവിടെയുണ്ടായിരുന്ന പെട്ടികൾ ഹോസ്പിറ്റൽ അറ്റൻഡറിന്റെ സഹായത്തോടെ കത്തിക്കുകയും ചെയ്തിട്ടുള്ളതായും കത്തിച്ച പെട്ടികളിൽ കാലാവധി കഴിഞ്ഞതും കഴിയാത്തതുമായ മരുന്നുകൾ ഉണ്ടായതായും മരുന്നുകൾ നശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്നും അന്വേഷണ സംഘം കണ്ടെത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും നശിപ്പിച്ച മരുന്നിന്റെ വില കണക്കാക്കി സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പെരുമ്പിലാവ് പി.എച്ച്.സി.–യിൽ ഒരു ഡോക്ടറുടെ തസ്തികയാണ് നിലവിലുള്ളത്. നിലവിലുള്ള ഡോക്ടർ ജ്യോതി വിജയകുമാർ 150 ദിവസത്തെ ശൂന്യവേതനാവധിയിലും തുടർന്ന് പ്രസവാവധിയിലും പ്രവേശിച്ചതിനാൽ പഴഞ്ഞി സി.എച്ച്.സി.–യിലെ ഡോ. ഡിവിൻസൻ ഗീതിന്റെ സേവനം സേവനം പെരുമ്പിലാവ് പി.എച്ച്.സി.–യിൽ താൽക്കാലികമായി ലഭ്യമാക്കിയിരുന്നു. എന്നാൽ ഡോ. ജ്യോതി വിജയകുമാർ തുടർന്നും അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ഡോ. ഡിവിസൻ ഗീതിനെ പഴഞ്ഞി സി.എച്ച്.സി.–

യിൽ നിന്ന് പെരിമ്പിലാവ് പി.എച്ച്.സി.-യിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിട്ടുണ്ട്.

## തടയണ നിർമ്മാണം

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് സമീപം ഭാരതപ്പുഴയിൽ ഒരു തടയണ നിർമ്മിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ലക്കിടി, ഒറ്റപ്പാലം, അമ്പലപ്പാറ തുടങ്ങിയ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഭാരതപ്പുഴയിലെ കുടിവെള്ളം മാത്രമാണ് ആശ്രയമായിട്ടുള്ളത്. ആ കുടിവെള്ള പദ്ധതി നടപ്പാക്കണമെങ്കിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുകൊണ്ട് തടയണ നിർമ്മിക്കണം. ഇതുസംബന്ധിച്ച് 2012 ഡിസംബർ 20-ന് നടത്തിയ സബ്മിഷനിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുകൊണ്ട് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയശേഷം പരിഗണിക്കാമെന്നുപറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സബ്മിഷന് ഉത്തരം നൽകിയിട്ടുണ്ട്. അതിനുശേഷം 10-04-2013-ന് ജില്ലാതലത്തിൽ യോഗം കൂടി ഇത് റിവർ മാനേജുമെന്റ് ഫണ്ടിൽ ഉപയോഗിച്ചു ചെയ്യുന്നതിനുവേണ്ടി ഉന്നതതല സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 10 കോടിരൂപ ചെലവ് വരുന്ന റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുകൊണ്ട് ഈ തടയണ നിർമ്മിക്കാനും ഭാരതപ്പുഴയെ സംരക്ഷിക്കാനുമുള്ള ഒരു പദ്ധതിക്ക് ബഹുമാനപ്പെട്ട മന്ത്രി അംഗീകാരം നൽകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്. ഇതിന് മറ്റു സന്നദ്ധ സംഘടനകളും പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. റോട്ടറി ക്ലബ് ഉൾപ്പെടെയുള്ളവർ മതിയായ

രൂപത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ഈ പദ്ധതിക്ക് നൽകാമെന്നും ഏറ്റിട്ടുണ്ട്. ഗവൺമെന്റിന്റെയും മറ്റു ഏജൻസികളുടെയും സഹായത്തോടു കൂടി തടയണ നിർമ്മിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 9 കോടിരൂപ ചെലവിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് സമീപം ഒരു തടയണ നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ നൽകിയ പ്രൊപ്പോസൽ ഈ വകുപ്പിൽ ലഭിച്ചിരുന്നതാണ്. ജലവിഭവ വകുപ്പിന് 17-10-2013-ന് ഈ പ്രൊപ്പോസൽ കൈമാറിയിട്ടുണ്ട്. 25-06-2013-ൽ ഇതുസംബന്ധിച്ച് സംസ്ഥാന ഉന്നതതല സമിതി 50 ലക്ഷം രൂപയ്ക്ക് താഴെ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ മാത്രം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയാൽ മതിയെന്ന് തീരുമാനിച്ചിരുന്നതിനാലും കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാവുന്ന ചെലവിനങ്ങളിൽ തടയണ നിർമ്മാണം ഉൾപ്പെടുത്താത്തതിനാലുമാണ് പ്രസ്തുത പ്രൊപ്പോസൽ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുള്ളത്.

## പട്ടയപ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ദേവികുളം താലൂക്കിൽ ഇടുക്കി ജില്ലയിലേക്കുള്ള പട്ടയ വിതരണം പലഘട്ടങ്ങളിൽ നട ന്നപ്പോഴും ദേവികുളം താലൂക്ക് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല ചിന്നക്ക നാൽ, കെ.ഡി.എച്ച്. വില്ലേജ്, ആനവിരട്ടി, പള്ളിവാസൽ, വട്ടവട, മറയൂർ,

കാന്തല്ലൂർ തുടങ്ങിയ വില്ലേജുകളിൽ മാങ്കുളം ഉൾപ്പെടെ 1980 മുതൽ കൊടുത്തിട്ടുള്ള പട്ടയങ്ങളിൽ കരം സ്വീകരിക്കാനും വീട് പുതുക്കിപ്പണിയാനുള്ള അവസരങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് അസൈൻമെന്റ് കമ്മിറ്റി വിളിച്ചുകൂട്ടുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ വീടുവയ്ക്കാനുള്ള അവസരവും 1980 മുതൽ കൊടുത്തിട്ടുള്ള പട്ടയങ്ങളിൽ നടപടി സ്വീകരിച്ച് നികുതി അടയ്ക്കുവാനുള്ള നടപടിയും അതോടൊപ്പംതന്നെ ഇപ്പോൾ നൽകിവരുന്ന പട്ടയം ദേവികുളം താലൂക്കിലും നൽകുവാനുള്ള നടപടി സ്വീകരിക്കമെന്നുള്ളതാണ് അഭ്യർത്ഥന.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്., ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, മാങ്കുളം, മറയൂർ എന്നീ പ്രദേശങ്ങളിലെ വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതിനായി പട്ടയങ്ങളുടെ പരിശോധന ദേവികുളം സ്പെഷ്യൽ എൽ.എ. ഓഫീസിൽ നടന്നുവരികയാണ്. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരമല്ലാതെ മേൽപ്പടി പ്രദേശങ്ങളിൽ നൽകിയിട്ടുള്ള പട്ടയങ്ങൾക്ക് നിയമസാധുത ഇല്ലെന്ന് WP(C) 24614/2006 നമ്പർ കേസിൽ 27-03-2013-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയും ഉണ്ടായിട്ടുള്ളതാണ്.

## മനുഷ്യാവകാശ കമ്മീഷൻ ഉദ്യോഗസ്ഥൻ വിവരങ്ങൾ ശേഖരിക്കാൻ നടത്തുന്ന നീക്കം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണ് ഈ സഭയുടെ മുമ്പാകെ ഉന്നയിക്കുന്നത്. ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിലെ ഏകദേശം രണ്ടായിരത്തോളം വരുന്ന ഓർഫനേജുകളിൽ മനുഷ്യാവകാശ കമ്മീഷന്റെ ചീഫ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ വില്ലേജ് ഓഫീസർമാരെവച്ച് അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. ഏതെങ്കിലും സ്ഥാപനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ മനുഷ്യാവകാശ കമ്മീഷന് അന്വേഷണം നടത്താൻ അവകാശമുണ്ട്. അങ്ങനെ അന്വേഷണം നടത്തണമെന്നുണ്ടെങ്കിൽ ആക്ടുപ്രകാരം സർക്കാരിന്റെ അനുമതി വാങ്ങി ഒരു ഉദ്യോഗസ്ഥനെ നിയമിക്കണം. അതൊന്നും ചെയ്യാതെ ഒരു ഫോർമാറ്റ് അയച്ചിരിക്കുകയാണ്. ആ ഫോർമാറ്റ് വളരെ വിചിത്രമാണ്. അതിൽ നടത്തിപ്പുകാരുടെയും അന്തേവാസികളുടെയും ഫോട്ടോയും നടത്തിപ്പുകാരുടെ ബാങ്ക് അക്കൗണ്ട് നമ്പരും പാൻകാർഡ് നമ്പരും ആവശ്യപ്പെട്ടിരിക്കുന്നു. കന്യാസ്ത്രീകൾ നടത്തുന്ന ബഹുഭൂരിപക്ഷം ഓർഫനേജുകളിലും പോയി വില്ലേജ് ഓഫീസർമാർ അവരുടെയും അവിടത്തെ അന്തേവാസികളായ പെൺകുട്ടികളുടേയും ഫോട്ടോ ചോദിക്കുന്നത് മനുഷ്യാവകാശ ലംഘനമാണ്. ഇത്തരത്തിലുള്ള നടപടി ശരിയല്ല. മനുഷ്യാവകാശ കമ്മീഷന്റെ നിയമമനുസരിച്ചുതന്നെ അവർക്ക് സുവോ മോട്ടോ കേസ് എടുക്കണമെങ്കിൽപ്പോലും ഒരു പത്രവാർത്ത വരണം, അല്ലെങ്കിൽ പരാതി കിട്ടണം. ഒരു ഓർഫനേജിന്റെ മാനേജർ വിവരാവകാശ നിയമമനുസരിച്ച് മനുഷ്യാവകാശ കമ്മീഷന് കത്തെഴുതി. അതിന് മറുപടി കൊടുത്തത് പരാതിയില്ലെന്നാണ്. ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻവന്ന് ചാർജ്ജെടുത്തതിനുശേഷം കേരളത്തിലെ എല്ലാ ഓർഫനേജുകളെയും താറടിച്ചുകാണിച്ച് അവിടെ കുഴപ്പമുണ്ടാകുന്നുവെന്ന രീതിയിൽ പത്രവാർത്ത

കൊടുത്തതും മീറ്റിംഗ് വിളിച്ചുകൂട്ടിയതുമൊന്നും ശരിയല്ല. കുഴപ്പമുള്ളിടത്ത് അന്വേഷിക്കണം. 1960-ൽ പാർലമെന്റ് പാസ്സാക്കിയ ആക്ടനുസരിച്ച് ഈ നിയമസഭയിൽനിന്നുള്ള മൂന്ന് അംഗങ്ങളും പാർലമെന്റ് അംഗങ്ങളും ഉൾപ്പെട്ടതാണ് ഓർഫനേജ് കൺട്രോൾ ബോർഡ്. ആ ബോർഡിനാണ് അവകാശം. ബോർഡ് എഫക്ടീവായി വർക്ക് ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള ഏർപ്പാട് ശരിയല്ല. പെൺകുട്ടികളുടെ ഫോട്ടോ എന്തിനാണ് ഇവർക്ക് ആവശ്യം; ഇവർ എവിടെയാണ് അത് സൂക്ഷിക്കുന്നത്? മാത്രമല്ല, ഏതെങ്കിലുമൊരു പെൺകുട്ടി ഓർഫനേജിൽനിന്ന് പുറത്തുപോയാൽ ആ ഫോട്ടോ അവിടെ ഇരിക്കുകയില്ലേ. അപ്പോൾ മനുഷ്യാവകാശ കമ്മീഷന്റെ പേരിൽ ഈ ചീഫ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ നടത്തുന്ന മനുഷ്യാവകാശ ലംഘനം അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. മനുഷ്യാവകാശ കമ്മീഷനും മറ്റ് എല്ലാ ബോർഡുകൾക്കും നിയമപരമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. അസോസിയേഷൻകാർ മുഖ്യമന്ത്രിയെവന്ന് കണ്ടിരുന്നു. വളരെ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി, തളർന്ന് കിടക്കുന്ന കുട്ടി കൾക്കുവേണ്ടി, മാനസിക വൈകല്യമുള്ള ആളുകൾക്കുവേണ്ടി നടത്തുന്ന ഈ സ്ഥാപനങ്ങളിൽപ്പോയി അവരെ ഭീഷണിപ്പെടുത്താനും ഫോട്ടോ ചോദി ക്കാനും, സ്ഥാപനം നടത്തുന്നവരുടെ ബാങ്ക് അക്കൗണ്ട് നമ്പരും പാൻകാർഡ് നമ്പരുമൊക്കെ ചോദിക്കാനുമുള്ള അവകാശം ആർക്കുമില്ല. അതുകൊണ്ട് ഗവൺമെന്റ് ഇതിൽ ഇടപെടണമെന്ന് ഞാൻ അപേക്ഷിക്കുക യാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, അനാഥാലയങ്ങളിൽ നടക്കുന്ന പീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തുടങ്ങിയ മനുഷ്യാവകാശ ലംഘനത്തെക്കുറിച്ച് പരാതികൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ 29–08–2013–ൽ സ്വമേധയാ എടുത്ത നടപടികളാണ് ഈ സബ്മിഷന് അടിസ്ഥാനം. കുട്ടികൾക്കും അനാഥർക്കും അഗതികൾക്കും സംരക്ഷണം നൽകി ഇവരെ ഭാവിജീവിതത്തിന്റെ നേർവഴിയിലേയ്ക്ക് നയിക്കുന്ന നല്ല സ്ഥാപനങ്ങളാണ് ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നവയിൽ ഭൂരിപക്ഷവും. എന്നാൽ എന്തിലും കള്ളനാണയങ്ങളുണ്ടാകുന്നതുപോലെ പണപ്പിരിവും ചൂഷണവും ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളും ഉണ്ടായേക്കാം. പക്ഷേ ഇപ്പോൾ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയായാണ് ഈയൊരു അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്ഥാപനങ്ങൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, മനുഷ്യാവകാശ സംഘടനകൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള നടപടിയാണ് എടുത്തിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള വിവരശേഖരണം അനാഥാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നുവെന്ന പരാതിയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1960–ലെ The Orphanages And Other Charitable Homes (Supervision and Control) Act പ്രകാരം 1963 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് ഓർഫനേജ് കൺട്രോൾ ബോർഡാണ്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ സംസ്ഥാനതല അവലോകന സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന സമിതിയും നിലവിലുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഇൻസ്പെക്ഷൻ കമ്മിറ്റിയും നിലവിലുണ്ട്. സി.ഡബ്ല്യു.സി.-യും ഇതി ലുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെങ്കിലും 1993-ലെ മനുഷ്യാവകാശ സംര ക്ഷണ നിയമപ്രകാരം കമ്മീഷന് ഇപ്രകാരം ഉദ്യോഗസ്ഥരെ നിയമിച്ച് ഇത്തരം സ്ഥാപനങ്ങളുടെ വിവരശേഖരണം നടത്തുന്നതിന് നിയമപരമായ അധികാര മുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## നാലുവരിപ്പാത

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ അതിപ്രധാന റോഡുകളി ലൊന്നാണ് തൃശ്ശൂർ-കുറ്റിപ്പുറം-കോഴിക്കോട് റോഡ്. ഈ റോഡിൽ ചൂണ്ടൽ മുതൽ കുറ്റിപ്പുറംവരെയുള്ള റോഡിന്റെ ഭാഗം ഏകദേശം 10 വർഷംമുമ്പ് വീതികൂട്ടി നല്ല നിലയിൽ പൂർത്തീകരിച്ചിരുന്നതാണ്. 2011 നവംബർ മാസം 10-ാം തീയതി പൂങ്കുന്നം മുതൽ ചൂണ്ടൽവരെയുള്ള റോഡിന്റെ പുനർനിർമ്മാ ണത്തിനുവേണ്ടി വീതി കൂട്ടി നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണ ഉദ്ഘാടനം ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട മുതുവറയിൽവച്ച് നിർവ്വഹിച്ചതാണ്. കഴിഞ്ഞ രണ്ടുവർഷമായി അതിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരികയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കയ്പറമ്പ് വരെയുള്ള പ്രദേശത്തിന്റെ പ്രവർത്തനം ഏകദേശം പൂർത്തിയായി. എന്നാൽ കയ്പറമ്പ് മുതൽ ചൂണ്ടൽവരെ ഏകദേശം അഞ്ചുകിലോമീറ്റർ സ്ഥലത്ത് നിർമ്മാണ പ്രവർത്ത നങ്ങളുടെ ആരംഭം കുറിക്കാൻപോലും ഇതുവരെ കഴിഞ്ഞിട്ടില്ല. അന്യ

സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പതിനായിരക്കണക്കിന് തീർത്ഥാടകർ ഗുരുവായൂരിൽ പോകാൻ ഉപയോഗിക്കുന്ന ഏറ്റവും സുപ്രധാന മേഖലയാണ് തൃശ്ശൂർ മുതൽ ചൂണ്ടൽവരെയുള്ള പ്രദേശം. ചൂണ്ടൽ മുതൽ കുറ്റിപ്പുറംവരെയുള്ള പ്രദേശത്തേക്കാൾ 30 ശതമാനമെങ്കിലും ട്രാഫിക് ഡെൻസിറ്റി കൂടുതലുള്ള സ്ഥലമാണ് തൃശ്ശൂർ മുതൽ ചൂണ്ടൽവരെയുള്ള സ്ഥലം. അതിൽ കേച്ചേരി എന്ന പ്രദേശം അരമണിക്കൂറെങ്കിലും ഗതാഗതക്കുരിക്കിൽപ്പെടാതെ ആർക്കും കടന്നുപോകാൻ പറ്റാത്ത ഒരവസ്ഥയുള്ള സ്ഥലമാണ്. ഈ പ്രദേശം മാത്രം വികസിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്നു കോടിയോ അഞ്ചുകോടിയോ രൂപ മാറ്റിവയ്ക്കുകയും അതിന്റെ ബോർഡുകളൊക്കെ അവിടെ സ്ഥാപിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ റോഡ് വികസിപ്പിക്കുന്നതിന് ഇക്കാലമത്രയും അവിടെ ഒരു പ്രവർത്തനവും നടന്നിട്ടില്ല. ചൂണ്ടൽ പാലത്തിന്റെ ഏകദേശം ഒരു കിലോമീറ്ററോളം നീളത്തിലുള്ള സ്ഥലത്ത് നിഷ്പ്രയാസം റോഡിന് വീതി കൂട്ടാൻ കഴിയും. അവിടെയും നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ഇത് തൃശ്ശൂർ–കുറ്റിപ്പുറം റോഡിൽ ഏറ്റവും വീതി കുറഞ്ഞ പ്രദേശമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പ്രത്യേക ശ്രദ്ധയും സർക്കാരിന്റെ കാരുണ്യവും ഈ കാര്യത്തിലുണ്ടാകണം. ഇതിനിടയിലൊരു പ്രദേശംമാത്രം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാധ്യമല്ലായെന്ന രീതിയിൽ പ്രകടമായി വരുന്നത് വളരെ അപഹാസ്യമാണ്. ജനങ്ങൾക്ക് നിത്യേനയെന്നോണം റോഡപകടങ്ങളും ഏറ്റവുമേറെ ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന കയ്പറമ്പ് മുതൽ ചൂണ്ടൽവരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആ പ്രദേശത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങ

ളിലെ പ്രതിനിധികൾ, വ്യാപാരികളുടെ പ്രതിനിധികൾ എന്നിവരെയൊക്കെ വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട മന്ത്രികൂടി പങ്കെടുത്ത് ഒരു ചർച്ച നടത്തിയാൽ ഈ പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാൻ കഴിയും. ഇതിൽ മന്ത്രിയുടെ പ്രത്യേക ശ്രദ്ധ വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## നാലുവരിപ്പാത

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട പി. എ. മാധവൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പാതയുടെ കാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് വളരെയധികം താൽപര്യമുണ്ട്. പക്ഷേ പല ഭാഗങ്ങളിലും സ്ഥലം ലഭിക്കുന്നില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു പ്രശ്നം. ഇതിന്റെ ഭാഗമായിവരുന്ന കയ്പറമ്പ് മുതൽ ചൂണ്ടൽവരെയുള്ള ഏകദേശം നാലര കിലോമീറ്റർ ദൂരം 22 മീറ്റർ വീതിയിൽ നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടില്ല. ഈ ഭാഗം നിലവിൽ രണ്ടുവരിപ്പാതയാക്കി ബി.എം.&ബി.സി. ചെയ്ത് നവീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ കഴിഞ്ഞ് റവന്യൂ അധികാരികളുമായുള്ള സംയുക്ത പരിശോധന പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വെറ്റ് ലാന്റ് എടുക്കുന്നതിന് ഇപ്പോൾ കൂടുതൽ നിയമവ്യവസ്ഥകളുള്ളതുകൊണ്ട് അതെല്ലാം പാലിക്കേണ്ടിയിരിക്കുന്നു. ഇത് പൂർത്തിയാക്കിക്കഴിഞ്ഞാൽ നാലുവരിപ്പാതയാക്കുന്ന പണി ഗവൺമെന്റ് വളരെ താൽപര്യത്തോടുകൂടി ഏറ്റെടുക്കുന്നതാണ്. ഇപ്പോൾ സ്ഥലം കിട്ടിയിട്ടുള്ള ഭാഗത്ത് റോഡ് നിർമ്മാണത്തിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. അദ്ദേഹം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ചുള്ള ഒരു ജോയിന്റ് മീറ്റിംഗ് വിളിക്കുന്നതാണ്.

## കുറുന്തോട്ടയം പാലം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പട്ടണപ്രദേശമാണ് പന്തളം. പന്തളം ജങ്ഷന് തൊട്ടടുത്തുള്ള കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട വിഷയം രണ്ടുപ്രാവശ്യം ഞാൻ ഈ നിയമസഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന താണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് നിവേദനം നൽകുകയും ഉദ്യോഗ സ്ഥൻമാരെ നേരിട്ട് കാണുകയും ചെയ്തു. പക്ഷേ ഇതുവരെയായിട്ടും ആ പാലത്തിന്റെ വീതി കൂട്ടുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ശബരി മലയുടെ മൂലസ്ഥാനമായിട്ടുള്ള പന്തളം ക്ഷേത്രം സ്ഥിതി ചെയ്യുന്ന, ഏറ്റവും ദേശീയ പ്രാധാന്യമുള്ള ആ സ്ഥലത്ത് ശബരിമല സീസണുമായി ബന്ധ പ്പെട്ടും അല്ലാതെയും വലിയ തിരക്കാണ്. കുറുന്തോട്ടയം പാലത്തിന് വീതിയി ല്ലാത്തതുകൊണ്ട് ഒരു കിലോമീറ്റർ ദൂരത്തിൽ എപ്പോഴും ട്രാഫിക് ജാമാണ്. നമ്മുടെ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ അതുവഴിയാണ് സഞ്ചരിക്കുന്നത്. എന്നാൽ ആ പ്രാധാന്യം ബോധ്യപ്പെട്ടിട്ടും ഇത്രയും നാളായി ആ പാലം വീതി കൂട്ടാൻ ശ്രമിക്കാതിരിക്കുന്നത് വളരെ ഗുരുതരമായ വീഴ്ചയാണ്. ആ പാലത്തിന് ഏതാണ്ട് 50 വർഷത്തെ പഴക്കമുണ്ട്. അവിടെ സ്ഥലം അക്വയർ ചെയ്യേണ്ട കാര്യമില്ല. ആവശ്യത്തിനുള്ള സ്ഥലമുണ്ട്. ആ സ്ഥലം എടുത്തു കൊണ്ടുതന്നെ കുറുന്തോട്ടയം പാലം എത്രയും വേഗം വീതി കൂട്ടി ഇന്നത്തെ അസൗകര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഇത് കെ.എസ്.ടി.പി. ഒന്നാംഘട്ട പദ്ധതിയിൽ വന്ന ഒരു പോരായ്മ

യാണ്. അന്ന് ഈ പാലം പൊളിച്ചുപണിയുകയോ വീതി കൂട്ടുകയോ ചെയ്തിട്ടില്ല. കുറുന്തോട്ടയം പാലത്തിൽ രണ്ടുവരി ഗതാഗതത്തിനാവശ്യമായ വീതി ഉണ്ടായിരുന്നതുകൊണ്ടാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതെന്നാണ് അതിന്റെ ന്യായീകരണം. എന്നാൽ ഇപ്പോൾ ഈ പാലത്തിൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണ് പരിശോധന പൂർത്തിയാക്കി. പാലത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ചുമതല റൂബി സോഫ്ട് ടെക്ക് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുകയാണ്. 2014 ഫെബ്രുവരി മാസത്തിൽ ഇതിന്റെ ഡിസൈനും എസ്റ്റിമേറ്റും പൂർത്തിയാകും. അതിനുശേഷം നിർമ്മാണത്തിനുള്ള ഭരണാനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശീതീകരണ സംവിധാനം

ശ്രീ. വി. പി. സജീന്ദ്രൻ : സർ, കേരള സമൂഹത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന പതിനൊന്ന് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളി വിഭാഗം തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഏറെ പ്രയാസപ്പെട്ട് കടലിൽനിന്നും ശേഖരിക്കുന്ന മത്സ്യം പൂർണ്ണമായും വിറ്റഴിക്കാനാകാതെ വരുന്നു എന്നതാണ് ഏറ്റവും വലിയ പ്രശ്നം. മത്സ്യം ഏറെനേരം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാൻ സാധിക്കുന്നില്ലായെന്നതാണ് ഈ പ്രശ്നത്തിന് പ്രധാനപ്പെട്ട ഒരു കാരണം. മത്സ്യത്തൊഴിലാളികളിൽ നിന്നും മത്സ്യം ശേഖരിച്ച് വിതരണം നടത്തുന്ന അനുബന്ധ തൊഴിലാളികളും മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീ തൊഴിലാളികളുമടക്കമുള്ളവർ ഈ

പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കടലിൽപോയി ശേഖരിക്കുന്ന മത്സ്യത്തിന് അവയുടെ മൂല്യം അനുസരിച്ച് പ്രതിഫലം ലഭിക്കണമെങ്കിൽ അവ ഭക്ഷ്യയോഗ്യമായ തരത്തിൽ സൂക്ഷിച്ചു വയ്ക്കാനാകണം. മത്സ്യത്തൊഴിലാളി മേഖലയിലെ ഒട്ടേറെ പ്രശ്നങ്ങൾ ഈ സർക്കാർ കണ്ടെത്തുകയും അങ്ങ് മന്ത്രിയായതിനുശേഷം അവ പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവെന്നുള്ളത് ഏറ്റവും അഭിനന്ദനാർഹമായ ഒരു കാര്യമാണ്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിൽമേഖലയിൽ പണിയെടുക്കുന്ന ഒരു ലക്ഷത്തോളം വരുന്ന ജനവിഭാഗത്തിനും ഒരുപോലെ ആശ്വാസകരമാണ് മത്സ്യം കേടുകൂടാതെ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നുള്ളത്. നിക്ഷേപം ഏറെ ആവശ്യമായ ഈ രംഗത്ത് പണം മുടക്കുവാനുള്ള പ്രാപ്തി ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്കില്ല. ആയതിനാൽ മത്സ്യബന്ധനം നടത്തുന്ന ഘട്ടം മുതൽ അവ വിറ്റഴിക്കുന്നതുവരെയുള്ള ശൃംഖലയിൽ സർക്കാർ ഇടപെടുകയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യവിൽപ്പനക്കാർക്കും ഒരുപോലെ പ്രയോജനകരമായ സംവിധാനമൊരുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുകയും വേണം. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം തീർത്തും അനാരോഗ്യകരമായ രീതിയിൽ സൂക്ഷിക്കുന്നതുനിമിത്തം മത്സ്യഭക്ഷണം കഴിക്കുന്നതുമൂലമുണ്ടാകുന്ന രോഗവ്യാപനവും വളരെ ഗുരുതരമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് സർക്കാർ പ്രത്യേക താല്പര്യമെടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ശ്രീ. വി. പി. സജീന്ദ്രൻ ചൂണ്ടിക്കാണിച്ചത്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് കൊച്ചിയിൽ നിലവിൽ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പരുത്തിയൂർ, പൂവാർ, പുതിയതുറ എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകളോടനുബന്ധിച്ചും നീണ്ടകര, മുനമ്പം എന്നിവിടങ്ങളിൽ ഫിഷ് ഹാർബറുകളോടനുബന്ധിച്ചും ചിൽഡ് സ്റ്റോറേജുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ റിസഷൻ പാക്കേജ് പ്രകാരം കായംകുളം, അഴീക്കൽ ഫിഷിംഗ് ഹാർബറുകളിൽ ഐസ് പ്ലാന്റ്- കം-കോൾഡ് സ്റ്റോറേജ് സ്ഥാപിക്കാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ചാവക്കാട് മുനിസിപ്പാലിറ്റിയിലെ പുത്തൻകടപ്പുറം, ബ്ലാങ്കാട് എന്നിവിടങ്ങളിലും അഞ്ചുതെങ്ങ്, മരിയനാട്, പുതുക്കുറിശ്ശി എന്നിവിടങ്ങളിലും ചിൽഡ് സ്റ്റോറേജും വിഴിഞ്ഞം, അഴീക്കൽ, ശക്തികുളങ്ങര തുടങ്ങിയ കേന്ദ്രങ്ങളിൽ കോൾഡ് സ്റ്റോറേജുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മത്സ്യവിതരണ അനുബന്ധ തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്ന ഒരു പദ്ധതിക്ക് ഇപ്പോൾ രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഇൻസുലേറ്റഡ് ട്രക്കുകൾ നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒമ്പത് ട്രക്കുകൾ വിതരണം നടത്തിയിട്ടുണ്ട്. ആറ് ട്രക്കുകൾ കൂടി ഉടനെ വിതരണം ചെയ്യുന്നതാണ്. അതുപോലെ അഞ്ച് പേരടങ്ങുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ഇൻസുലേറ്റർ സംവിധാനത്തോടുകൂടിയ അമ്പത് ഓട്ടോറിക്ഷകൾ നൽകും. ഒറ്റയ്ക്ക്

കച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റർ ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനങ്ങൾ നൽകുന്നതാണ്, 135 എണ്ണം വിതരണം ചെയ്തുകഴിഞ്ഞു. ഈ ഇനത്തിൽ 165 ഇൻസുലേറ്റർ ബോക്സുകൾ ഘടിപ്പിച്ച മോട്ടോർ ബൈക്കുകൾ കൂടി ഉടനെ നൽകുന്നതാണ്. കൂടാതെ fresh fish to all എന്ന പദ്ധതിയുടെ രണ്ടാം ഘട്ടമായി അമ്പത് ട്രക്കുകളും ഇരുന്നൂറ് ഓട്ടോറിക്ഷകളും ആയിരം ബൈക്കുകളും കൂടി വിതരണം ചെയ്യുന്നതിനുള്ള പതിനേഴ് കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശ്രീ. ശരത് പവാറിന് കഴിഞ്ഞ മാസം 16–ാം തീയതി സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനമുണ്ടാകും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഏതായാലും ശ്രീ. വി. പി. സജീന്ദ്രൻ ചൂണ്ടിക്കാണിച്ചത് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. ഗവൺമെന്റിന്റെ സത്വര ശ്രദ്ധ ഈ മേഖലയിലുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

<u>കണ്ണൂർ മാപ്പിള ബേ ഹാർബർ</u>

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : സർ, മാപ്പിള ബേ ഹാർബർ കണ്ണൂരിലെ പ്രധാനപ്പെട്ട ഒരു മത്സ്യബന്ധന കേന്ദ്രമാണ്. ഉത്ഘാടനം കഴിഞ്ഞ് ഒരു പതിറ്റാണ്ടിലധികം കഴിഞ്ഞിട്ടും ഇന്നും ഹാർബർ പൂർണ്ണമായി പ്രവർത്തനക്ഷമമല്ല. നിർമ്മാണത്തിൽ സംഭവിച്ച ഗുരുതരമായ തകരാറാണ് പദ്ധതിയെ തകർത്തത്. ഹാർബർ വാർഫിനകത്ത് യാർഡിൽ മണ്ണ് നിറഞ്ഞു നിൽക്കുന്നതുകൊണ്ട് ബോട്ടുകൾക്ക് അവിടെ സർവ്വീസ് നടത്താൻ സാധിക്കുന്നില്ല. ഇത് കണ്ണൂരിലെ മത്സ്യബന്ധന മേഖലയെ മുഴുവൻ പ്രതിസന്ധിയിലാക്കുന്ന ഗുരു

തരമായ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ഈ വിഷയം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ത്തകരാറ് പരിഹരിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ പൂനെ കേന്ദ്രമായി പ്രവർത്തിക്കുന്ന സി.ഡബ്ല്യു.ഇ.ആർ.എസ്.–നെ ചുമതലപ്പെടുത്തി. പക്ഷേ രണ്ടുവർഷം കഴിഞ്ഞിട്ടും ഇനിയും റിപ്പോർട്ട് വന്നിട്ടില്ല. പൂനെയിലെ ഉദ്യോ ഗസ്ഥ സംഘം നിരവധി തവണ അവിടം സന്ദർശിച്ചിട്ടുണ്ട്. അവിടെ ജന ങ്ങൾ, പ്രത്യേകിച്ച് മത്സ്യവ്യവസായ മേഖലയിലും തൊഴിൽമേഖലയിലും പ്രവർത്തിക്കുന്ന ആളുകൾ വലിയ പ്രതിഷേധം ഉന്നയിച്ചുകൊണ്ടിരിക്കുക യാണ്. അടിയന്തരമായി മന്ത്രിയും ഗവൺമെന്റും ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, കണ്ണൂർ ജില്ലയിൽ 1960–ൽ പ്രവർത്തനം ആരംഭിച്ച ഒരു പ്രധാന മത്സ്യബന്ധന തുറമുഖമാണ് മാപ്പിള ബേ ഫിഷിംഗ് ഹാർബർ. നിർമ്മാണ കാലഘട്ടത്തിൽത്തന്നെ ഹാർബറിനുള്ളിൽ മണ്ണടിയുന്നത് ശ്രദ്ധ യിൽപ്പെട്ടതിനാൽ തുടർപ്രവർത്തനങ്ങൾ താൽക്കാലികമായി നിറുത്തി വയ്ക്കുകയാണുണ്ടായത്. തുടർന്ന് സ്ഥിരമായുള്ള മണ്ണടിയൽ പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പീച്ചിയിലുള്ള കെ.ഇ.ആർ.ഐ.(Kerala Electrotechnology Research Institute)യുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തി പ്രശ്നപരിഹാരാർത്ഥം 1077.87 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 1999 മേയ് മാസത്തിൽ ഹാർബർ കമ്മീഷൻ ചെയ്തു. മാപ്പിള ബേ ഹാർബറിൽ കാലാകാലങ്ങളായി മണ്ണടിയുന്ന പ്രതി ഭാസം എന്നിട്ടും തുടർന്നുവരികയാണ്. ഇതുമൂലം മത്സ്യബന്ധന യാന

ങ്ങൾക്ക് യഥേഷ്ടം പോക്കുവരവിനും ലാൻഡിംഗിനും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. വേലിയേറ്റം ഉപയോഗപ്പെടുത്തി മാത്രമേ വലിയ ബോട്ടുകൾക്കും മറ്റും ഹാർബറിൽ പ്രവേശിക്കുന്നതിന് കഴിയുകയുള്ളു. ബേസിനിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റും നീക്കം ചെയ്യുന്നതിനായി 50% കേന്ദ്ര സഹായത്തോടുകൂടി 670.56 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രം ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 2013 നവംബർ മാസം ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. ഈ പ്രവൃത്തി 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നതാണ്. ഏകദേശം 4,56,000 ക്യുബിക് മീറ്റർ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. മാപ്പിള ബേ ഹാർബറിൽ മണ്ണടിയുന്ന പ്രതിഭാസം തുടർന്നുവരുന്ന സാഹചര്യത്തിൽ ശാശ്വത പരിഹാരത്തിനായി ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്-നെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രധാന പുലിമുട്ടിന്റെ നീളം 200 മീറ്റർ വർദ്ധിപ്പിക്കാനും 300 മീറ്റർ നീളത്തിൽ ഒരു ഉപപുലിമുട്ടുകൂടി നിർമ്മിക്കുന്നതിനും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ലഭ്യമായ റിപ്പോർട്ടിന്മേൽ ചില വിശദാംശങ്ങൾ കൂടി സി.ഡബ്ലു.പി.ആർ.എസ്.നോട് ആരാഞ്ഞിരിക്കുകയാണ്. സി.ഡബ്ല്യു.പി.ആർ.എസ്.-ൽ നിന്നും ലഭ്യമാകുന്ന വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ മറ്റനുബന്ധ സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതുൾപ്പെടെയുള്ള രണ്ടാംഘട്ട വികസനത്തിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് ഉടനെ സമർപ്പിക്കുന്നതാണ്. ഇത്തരത്തിൽ

പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ മാപ്പിള ബേ ഫിഷിംഗ് ഹാർബറിൽ മണ്ണ് അടിയുന്നത് പൂർണ്ണമായും നിയന്ത്രിച്ച് മത്സ്യബന്ധ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നതാണ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി പറഞ്ഞ പ്രശ്നം ഗൗരവമുള്ളതാണ്. രണ്ട് ഘട്ടമായിട്ടാണ് ഗവൺമെന്റ് ഇത് നേരിടുന്നത്. ഒന്നാമതായി ഇപ്പോഴുള്ള മണ്ണ് അടിയന്തരമായി നീക്കം ചെയ്യണം. രണ്ടാമതായി ശാസ്ത്രീയമായി അതിനുള്ള പ്രവർത്തനങ്ങൾ പുനരുദ്ധരിക്കണം. ഇത് രണ്ടും വളരെ ഗൗരവമായി ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപേകുകയാണ്.

(റിപ്പോർട്ട് സമർപ്പണം)